# ACADEMIC MASTER PLAN
# 2025 - 2026



## GOVT. U P SCHOOL
## NEDUMKUNNAM NORTH

# Govt. U P S Nedumkunnam North




# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-2026

നെടുംകുന്നം ഗ്രാമപഞ്ചായത്തിൽ പന്ത്രണ്ടാം മൈലിൽ ഉയർന്ന പീഠത്തിന്മേൽ ഒരു ദ്വീപത്തിനു സമാനമായി വിരാജിക്കുന്ന വിദ്യാലയമാണ് ഗവ.യുപിസ്കൂൾ നെടുംകുന്നം നോർത്ത്. വർഷങ്ങൾക്ക് മുൻപ് ചേർക്കോട്ട് മത്തായി വർഗീസ് എന്ന മഹാനുഭാവൻ തന്റെ പേരക്കുട്ടിക്ക് പ്രാഥമികവിദ്യാഭ്യാസം നൽകുന്നതിനായി 75 സെന്റ് സ്ഥലം ഗവൺമെന്റിന് വിട്ടുകൊടുക്കുകയും റോഡിന് വടക്കുവശത്തുള്ള പീടികമുറിയിൽ സ്കൂൾ ആരംഭിക്കുകയും ചെയ്തു. പിന്നീട് നാട്ടുകാരുടെ ശ്രമഫലമായി ഈ സ്ഥലത്ത് ഒരു ഓലഷെഡ് ഉയരുകയും ക്ലാസുകൾ അവിടേക്ക് മാറ്റുകയും ചെയ്തു. 1965ൽ ഈ വിദ്യാലയം യു പി സ്കൂളായി ഉയർത്തപ്പെട്ടു. നെടുംകുന്നം സി.ആർ.സി.യും കറുകച്ചാൽ ബി.ആർ.സിയും ഈ സ്കൂൾ വളപ്പിലാണ് പ്രവർത്തിക്കുന്നത്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഇണക്കിയ പങ്കാളിത്തവും നമ്മുടെ സ്കൂളിന് ലഭിക്കുന്നുണ്ട്. ഹരിതാഭമായ അന്തരീക്ഷവും, വർണ്ണക്കൂടാരവും ഈ വിദ്യാലയത്തെ മനോഹരമാക്കുന്നു. കൂടാതെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പിന്റെ 2020-2021 വർഷത്തെ ഫണ്ടിൽ നിന്ന് അനുവദിച്ച പുതിയ സ്കൂൾ കെട്ടിടത്തിൽ ഈ അക്കാദമിക വർഷം ക്ലാസുകൾ ആരംഭിച്ചു. ഈ വിദ്യാലയത്തിൽ നിന്ന് കൂടുതൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായി അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നു.

## കാഴ്ചപ്പാട്

- വളരെ മനോഹരമായ പൂന്തോട്ടങ്ങൾ നിറഞ്ഞ ശാന്തസുന്ദരമായതാകണം നമ്മുടെ വിദ്യാലയം .
- എല്ലാ ക്ലാസ് മുറികളും ഹൈ - ടെക് ആയ വിദ്യാലയം .
- മാതൃകാപരമായ ലൈബ്രറി, ലാബുകൾ ഇവ ഉണ്ടാകണം .
- വിശാലവും, വൃത്തിയുള്ളതുമായ നല്ല ഫർണിച്ചറുകളോടുകൂടിയ ഭക്ഷണപ്പുര
- ആധുനിക അടുക്കള .
- അക്കാദമികമായി ഉന്നതനിലവാരം.
- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, യുക്തി ചിന്ത ഗവേഷണ പ്രവർത്തനങ്ങൾ, സർഗാത്മകത എന്നിവ വികസിപ്പിക്കുന്നവിധം ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതാവണം വിദ്യാലയം .
- ഐ സി ടി - യിൽ അധിഷ്ഠിതമായ വിദ്യാ ഭ്യാസം.
- കല, കായിക ആരോഗ്യ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്ന വിദ്യാലയം ആകണം. കുട്ടികളെ ഇംഗ്ലീഷ്, മലയാളം ഭാഷകൾ നന്നായി എഴുതുവാനും വായിക്കുവാനും പറയുവാനും കഴിവുള്ളവരാക്കി മാറ്റിയെടുക്കുക.
- കാമ്പസ് ഒരു പാഠപുസ്തകമാകുന്ന വിദ്യാലയം .
- മാനവിക മൂല്യങ്ങളും , സാമൂഹ്യബന്ധങ്ങളും ഉള്ളവനായി കുട്ടിയെ മാറ്റുന്നതാകണം വിദ്യാലയം.
- പ്രത്യേക പരിഗണന അർഹിക്കുന്നതും പാർശ്വവൽക്കരിക്കപ്പെട്ടതുമായ കുട്ടികൾക്ക് പിന്തുണ നൽകുന്ന വിദ്യാലയം
- രക്ഷിതാക്കളിൽ ഗുണമേന്മ വിദ്യാഭാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കൽ.
- കുട്ടികളുടെ സർവ്വതോൻമുഖമായ വികസനത്തിനു വേണ്ട പഠനാന്തരീക്ഷം ഒരുക്കുക . അതിനായി ആധുനിക സാങ്കതിക സാധ്യതകൾ പ്രയാജനപ്പെടുത്തുക.
- സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളെയും എകോകിപ്പിച്ച് പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളോടുള്ള അവഗണന മാറ്റാനാവശ്യമായ പ്രവർത്തനങ്ങൾ ഏകോകിപ്പിക്കുന്നു.

## പൊതുലക്ഷ്യങ്ങൾ

- ഒന്ന് മുതൽ ഏഴു വരെ ക്ലാസ്സുകളിൽ കുട്ടികൾ പ്രതീക്ഷിക്കുന്ന ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നു . മൂല്യബോധം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ എന്നും ഉറപ്പു വരുത്തുന്നു.
- എല്ലാകുട്ടികൾക്കും തുല്യ അവസരങ്ങൾ ഉണ്ടാക്കുന്നു . സ്വന്തം കഴിവുകൾ കണ്ടെത്തിഅവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടയ്ക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു .
- ശാരീരികവും മാനസികവുമായ ആരോഗ്യം ഉറപ്പാക്കുന്നു . ആരോഗ്യ കായിക വിദ്യാഭാസത്തിന് പ്രാധാന്യം നൽകുന്നു .
- മാതൃ ഭാഷയ്ക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി , ഭാഷകളുടെ , ഉയർന്ന ശേഷി കൈവരിക്കുന്നു.
- ലിംഗ സമത്വത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു .
- ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടിത്തുന്നു.
- കൃത്യമായ വിലയിരുത്തൽ നടത്തുന്നു.
- സ്കൂളിൽ കാമ്പസ് പാഠപുസ്തകമായി മാറ്റുന്നു.
- പരിസ്ഥിതി അവബോധം , സാമൂഹ്യ അവബോധം , മാലിന്യ നിർമാർജന അവബോധം ,വിമർശന അവബോധം , എന്നിവ ഉറപ്പാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയുക.
- പ്രത്യക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക .
- സമയബന്ധിത മോണിറ്ററിങ് സംവിധാനം
- ഐ ടി അധിഷ്ഠിത വിദ്യാഭാസം

## സാമൂഹികം

### നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റിയവയുമാണ്.

### പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠനസമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാനുള്ള പരിമിതി ഉണ്ട്.

അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ :

1. ഭാഷാശേഷി വികസനം.
2. സ്കോളർഷിപ്പ് പരിശീലനം.
3. ഗണിതശേഷി വികസനം.
4. വായനാശേഷി വർദ്ധിപ്പിക്കൽ.
5. ലൈബ്രറി ശാക്തീകരണം.
6. അധ്യാപക ശാക്തീകരണം – സ്കൂൾ SRG തലം.
7. പ്രവൃത്തിപരിചയ പരിശീലനം
8. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ.
9. ഐ.ടി പഠനം - കാര്യക്ഷമമാക്കൽ.
10. ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT, പ്രവൃത്തിപരിചയ മേളകൾ
11. ക്ലാസ് P.T.A കാര്യക്ഷമമാക്കൽ.
12. ക്ലാസ്തല പത്രവായന.
13. സുംബ ഡാൻസ് പരിശീലനം.
14. ദിനാചരണ പതിപ്പ് നിർമ്മാണം.

UP വിഭാഗം        മേഖല : മലയാളം

| SL No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | • മുന്നറിവുപരിശോധന<br>• അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>• വാക്കുകൾ കണ്ടെത്തൽ<br>• വാക്യങ്ങൾ സൃഷ്ടിക്കൽ<br>• കഥാരൂപത്തിലാക്കൽ. | ജൂൺ<br>ജൂലൈ | അധ്യാപകർ | |
| 2. | കുട്ടികളെ മികച്ച വായനക്കാരാക്കുക (വായനക്കൂട്ടം) | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>• വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ<br>• വായനാനുഭവങ്ങൾ പങ്കുവയ്ക്കൽ<br>• വായനാക്കുറിപ്പ് - പതിപ്പ്<br>• ദിനാചരണങ്ങൾ - വായന - കുറിപ്പുതയ്യാറാക്കൽ<br>• പത്രവായന<br>• കഥ-കവിത- വായന | അക്കാദമിക വർഷം | അധ്യാപകർ | |
| 3. | കുട്ടികളെ മികച്ച എഴുത്തുകാരാക്കുക (എഴുത്തുകൂട്ടം) | • ക്ലാസ് ലൈബ്രറി<br>• വായനക്കുറിപ്പ് പതിപ്പ്<br>• വിവിധസാഹിത്യശാഖകൾ പരിചയപ്പെടൽ<br>• ചുവർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>• വ്യക്തിഗതരചന, സംഘരചന<br>• പൊതുവേദികളിൽ സംസാരിക്കൽ<br>• സാഹിത്യ-സാംസ്കാരിക ചിത്രഗ്യാലറി<br>• മാഗസിൻ തയ്യാറാക്കൽ | അക്കാദമിക വർഷം | അധ്യാപകർ | |

| SL No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5. | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ | •ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സമുചിതമായി ആചരിക്കുന്നു. | ജൂൺ – ഫെബ്രുവരി | സയൻസ് ക്ലബ്ബ്. | |
| 6. | ലഘു പരീക്ഷണങ്ങൾ | •ശാസ്ത്രതാൽപര്യം വർധിപ്പിക്കുന്ന ലഘുപരീക്ഷണങ്ങൾ ക്ലാസ് അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തുന്നു. ക്ലാസ്തലത്തിൽ പരീക്ഷണങ്ങൾ ചെയ്യുന്നു – പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. ശാസ്ത്രപതിപ്പ് നിർമിക്കുന്നതിൽ ഉൾപ്പെടുത്തുന്നു. | പ്രതിമാസം<br>മാർച്ച്. | സയൻസ് ക്ലബ്ബ്. | |
| 7 | ശാസ്ത്ര പ്രദർശനം – സയൻസ് ഫെസ്റ്റ് | ശാസ്ത്രപാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കിയ പഠനോപകരണങ്ങളും പതിപ്പുകളും ചിത്രങ്ങളും ലഘുപരീക്ഷണങ്ങളുമെല്ലാം ഉൾപ്പെടുത്തി സ്കൂൾ തലത്തിൽ സയൻസ് പ്രദർശനം നടത്തുന്നു. | മാർച്ച്. | സയൻസ് ക്ലബ്ബ്. | |
| 8. | പരിസ്ഥിതിയെ അറിയാൻ | ശാസ്ത്രപാഠഭാഗങ്ങളുടെ ഭാഗമായി കുട്ടികൾ നടത്തിയ പരിസ്ഥിതിയോടു ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി, പ്രസന്റേഷൻ/ഡോക്യുമെന്ററി തയ്യാറാക്കുന്നു. | മാർച്ച് | സയൻസ് ക്ലബ്ബ് (പരിസ്ഥിതി ക്ലബ്ബ്) | |
| 9. | ജ്യോതിശാസ്ത്ര മേഖല | ഇന്ത്യയുടെ ബഹിരാകാശ നേട്ടങ്ങൾ – ലോകമെമ്പാടുമുള്ള ബഹിരാകാശ പഠനത്തെ അറിയാൻ പ്രദർശനം ഒരുക്കൽ | ജൂലൈ – ഡിസംബർ | സയൻസ് ക്ലബ്ബ്. | |

| SL No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 10 | വാനനിരീക്ഷണം | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കുമായി വാനനിരീക്ഷണക്ലാസ് സംഘടിപ്പിക്കൽ | ജനുവരി | സയൻസ് ക്ലബ്ബ്. | |
| 11. | യു എസ് എസ് | ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്കായി പ്രത്യേകം യു എസ് എസ് പരിശീലനം | ജൂൺ – ഫെബ്രുവരി | ശാസ്ത്ര അധ്യാപകൻ | |

# ACADEMIC MASTER PLAN - ENGLISH

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| • To encourage <u>Listening & Speaking.</u><br><br>Introduce different genres (fiction, non- fiction, poetry)<br>Enhance vocabulary.<br>Enhance listening skills.<br><br>To encourage <u>Reading</u><br>Develop basic reading, writing, listening, and speaking skills.<br><br>Cultivate effective communication skills for various contexts. | Interactive storytelling sessions discussing themes, characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge.<br><br>Interactive Reading Circles:<br><br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br><br>Each group reads the assigned text together and discusses key elements like plot, characters, and themes.<br><br>Encourage students to take turns reading aloud and share their interpretations and reactions to the text.<br><br>After discussions, each group presents a summary or analysis of their assigned text to the class.<br><br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories. | June<br><br>July | English Teachers | English Club |

| | | | | |
|---|---|---|---|---|
| To develop <u>Writing Skills</u><br>Introduce grammatical concepts such as parts of speech, tenses, and sentence structure.<br>To develop basic Grammar rules.<br>Focus on sentence structure, punctuation, and grammar.<br><br>Expand vocabulary through reading and interactive activities.<br><br>Introduce different types of writing: narrative, descriptive, persuasive, etc. | Debates and presentations for advanced speaking practice.<br><br>Expanding vocabulary with context clues from passage.<br><br>Improve sentence structure.<br><br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br><br>Projects and research assignments to foster critical thinking.<br><br>Focus on developing paragraphs and essays. Teach persuasive writing techniques and argumentation.<br><br>Preparing and delivering speeches. Listening to and analysing different media sources.<br><br>Interactive grammar games.<br>Structured grammar lessons with examples and practice exercises.<br>Worksheets on parts of speech, punctuation and sentence types. | August-December<br><br>January -<br>February | English Teachers | English Club |

| | | | | |
|---|---|---|---|---|
| Language Games, puzzles and Activities: | Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.<br><br>For example, play word association games, charades, or vocabulary bingo to practice new words and concepts.<br><br>To create their own poems, stories, dictionary etc and present it to the class. | | English Teachers | English Club |
| Differentiation and Support: | Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners.<br><br>Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.<br><br>Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths. | Throughout the year | | |

| | | | | |
|---|---|---|---|---|
| Assessment and Feedback: | Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs.<br><br>Design a range of assessment tasks and tools to measure students' language proficiency, comprehension, and writing skills, including formative and summative assessments.<br><br>Use a variety of assessment methods such as quizzes, tests, essays, presentations, projects, and performance tasks to assess different aspects of language learning.<br><br>Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.<br><br>Involve students in self-assessment and reflection activities to promote ownership of their learning process.<br><br>Use assessment data to inform instructional planning, identify learning gaps, and differentiate instruction to meet individual student needs.<br><br>Provide resources and tips for parents on how to support their child's literacy | Throughout the year | English Teachers | English Club |

| | | | | |
|---|---|---|---|---|
| Parent Involvement | development at home, including book recommendations, reading strategies, and language enrichment activities.<br><br>Showcase students' and parents' writing through publications, newsletters, or school-wide writing anthologies to celebrate their achievements and foster a culture of writing.<br><br>Encourage parents with expertise in English language teaching, literacy, or language acquisition to share their knowledge and skills with students and teachers.<br><br>Collaborate with parents to create English language learning materials, such as flashcards, games, or resource packs, that can be used in the classroom or sent home for additional practice. | | English Teacher<br><br>English Teachers & PTA Members & parents | English Club |

# ACADEMIC MASTER PLAN

## UP

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. നമ്പർകാർഡ്, മുത്തുകൾ, വർക്ക് ഷീറ്റ് എന്നിവ ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും. | ഗണിത ക്ലബ്ബ് |
| (3) ഗണിതം മധുരമാക്കൽ. | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരുപ്രാവശ്യം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും. | PTA |
| (4) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ജിയോജിബ്ര പോലുള്ള സോഫ്റ്റ്‌വെയർ ഗണിത പഠനം രസകരമാക്കാൻ ഉപയോഗിക്കുക. | ആവശ്യാനുസരണം | ഗണിത അധ്യാപകരും കുട്ടികളും. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| 5). ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും കുട്ടികളും | |
| (6) വിവിധ ശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. | ആവശ്യാനുസരണം | SRG. | |

# ഗവ. യു പി സ്കൂൾ നെടുംകുന്നം നോർത്ത്

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### സാമൂഹ്യശാസ്ത്രം

സാമൂഹ്യശാസ്ത്രം എന്നത് കുട്ടികളിൽ പൗരബോധം, ചരിത്രബോധം, ഭൂമിശാസ്ത്ര അവബോധം, സാമ്പത്തിക ബോധം, പരിസ്ഥിതി ബോധം, സാമൂഹിക ഉത്തരവാദിത്വം തുടങ്ങിയവ വളർത്തുന്ന ഒരു വിഷയമാണ്. സാമൂഹ്യശാസ്ത്രം കൃത്യമായും ജീവിതാനുഭവത്തെ അടിസ്ഥാനമാക്കിയുള്ള പഠനമാണ് ലക്ഷ്യമിടുന്നത്.

പുതിയ സിലബസിലൂടെ കുട്ടികളെ പരിസരത്തിൽ നിന്നുള്ള സാമൂഹിക സംഭവങ്ങൾ, ചരിത്രപരമായ പാഠങ്ങൾ, സാമൂഹിക തത്ത്വങ്ങൾ, പൗരനിയമങ്ങൾ, പ്രകൃതിശാസ്ത്രം, വികസനം, മനുഷ്യാവകാശങ്ങൾ, സ്വതന്ത്രത, സാമൂഹിക നീതി തുടങ്ങിയവയെപ്പറ്റി ചിന്തിപ്പിക്കുകയും വിമർശനാത്മകമായി അവയെ വിലയിരുത്തുകയും ചെയ്യുന്ന ശീലങ്ങളിലേക്കാണ് നയിക്കുന്നത്.

**ലക്ഷ്യങ്ങൾ**

- സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ
- പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക.
- സ്വതന്ത്ര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു
- സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രോജക്ടുകൾ ഓരോ പഠിതാവിനും നൽകുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | ഓർമച്ചെപ്പ്<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ചുകൊണ്ട് Memory test നടത്തുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ | | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | |
|---|---|---|---|
| | ബോധവാന്മാരാക്കുകയും ചെയ്യുന്നു. | | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | ഫീൽഡ് ട്രിപ്പ്, സർവ്വേ പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | ഒക്ടോബർ | |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്താർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തിനേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിർബന്ധമായും നൽകേണ്ടുന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | നവംബർ | |

## ഹിന്ദി

### മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉണ്ടാക്കുക. | 1). ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക. | | ഹിന്ദി ടീച്ചർ | പി.ടി.എ. സ്പോൺസർഷിപ്പ് |
| | 2).ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക. | 2 മാസം | | |
| | 3).ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക. | | ഹിന്ദി ടീച്ചർ | |
| | 4).ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക | ആവശ്യമനുസരിച്ച് | SRG, ഹിന്ദി ടീച്ചർ | |
| | 5).ഹിന്ദി നാടകം നടത്തുക. | | ഹിന്ദി ടീച്ചർ | |
| | 6). കുട്ടികളെ കൊണ്ട് ചെറുചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | | ഹിന്ദി ടീച്ചർ | |
| | 7). ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോഷിപ്പിക്കുക. | | | |

## ഉപമേഖല: പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉ ാക്കൽ. ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ. | 1 വർഷത്തിൽ 1 മാസം | SRG | 10,000/- തദ്ദേശ സ്വയംഭരണ സ്ഥാപനം |

## ഉപമേഖല: കലാരംഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാമികവുള്ളവർക്ക് പരിശീലനം | ഉപകരണ സംഗീതത്തിലും മറ്റ് കലാവാസനകളും ഉള്ള കുട്ടികൾക്ക് വിദഗ്ദരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ. | ആഴ്ചയിൽ 2 ദിവസം 1 വർഷം | SRG | PTA 10,000/- |

## ഉപമേഖല: ORC

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിന് ORC ട്രെയിനിംഗ് സഹവാസ ക്യാമ്പുകൾ | ORC ട്രെയിനിംഗിന്റെ ഭാഗമായി സഹവാസ ക്യാമ്പുകളും ട്രെയിനിംഗ് ക്ലാസ്സുകളും. | 6 മാസത്തിൽ ഒരിക്കൽ | ORC,Nodel Teacher | 50,000/- സാമൂഹ്യ നീതി വകുപ്പ് |

## ഉപമേഖല: സ്വയം തൊഴിൽ നൈപുണി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പെൺകുട്ടികൾക്ക് സ്വയം തൊഴിൽ പരിശീലനം | നിർധനരായ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് സ്വയം തൊഴിൽ നൈപുണി വികസനത്തിന്റെ ഭാഗമായി സൗജന്യ തുന്നൽ പരിശീലനം. | ആഴ്ചയിൽ 3 ദിവസം വൈകുന്നേരം. 2 വർഷം | സീനിയർ അസിസ്റ്റന്റ് | പി.ടി.എ. 1 വർഷം 40,000/- |

| ഉപമേഖല: കായിക വിദ്യാഭ്യാസം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്കെത്തിക്കൽ<br>എ).ഫുട്ബോൾ ഡെബോർഡിംഗ് പരിശാലനം. | എല്ലാ ദിവസവും രാവിലെയും വൈകീട്ടും അവധി ദിവസങ്ങളിലും 1 വർഷം | കായികാധ്യാപകൻ | പി.ടി.എ., 50,000/- |
| | രാവിലെയും വൈകീട്ടും 30 ആൺ കുട്ടികൾക്കും 50 പെൺകുട്ടികൾക്കും ക്ലാസ് സമയത്തിന് മുമ്പും പിമ്പും പരിശീലനം | 1 വർഷക്കാലം | കായികാധ്യാപകൻ | - |

## ഉപമേഖല : ഹൈടെക് ക്ലാസ് മുറികൾ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിൽ ഹൈടെക് ആക്കാൻ ബാക്കിയുള്ള റൂമുകൾ ഹൈടെക് ആക്കൽ | പൂർവ്വവിദ്യാർത്ഥികൾ ജനപ്രതിനിധികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ ബാക്കിയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം | പി.ടി.എ | 6 മാസം | ജനപ്രതിനിധികൾ<br>പൂർവ്വവിദ്യാർത്ഥികൾ<br>10,00,000/- |

# ഉപമേഖല : കൗൺസിലിങ്ങ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ്ങ് നൽകൽ. നല്ല വ്യക്തിത്വമുള്ള വരാക്കൽ. | •ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br>•ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ. ഇൻഡിവിഡ്വൽ കൗൺസിലിങ്ങ്, ഗ്രൂപ്പ് കൗൺസിലിങ്ങ്. | കൗൺസിലിങ്ങ് ടീച്ചർ | ജൂണിൽ തുടങ്ങി എല്ലാ ദിവസവും | |

UP വിഭാഗം മേഖല : അടിസ്ഥാനശാസ്ത്രം

| SL No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ച്ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ശാസ്ത്രലാബ് നവീകരണം | യുപിക്ലാസ്സുകളിലെ ശാസ്ത്രപരീക്ഷണങ്ങളുടെ പട്ടിക തയ്യാറാക്കുന്നു.<br>• ആവശ്യമായ ഉപകരണങ്ങൾ വസ്തുക്കൾ - കണ്ടെത്തൽ<br>• ശാസ്ത്ര ഉപകരണങ്ങൾ, രാസവസ്തുക്കൾ മുതലായ ശേഖരിക്കൽ — നിലവിലുള്ള വയുടെ ക്രമീകരണം. | ജൂൺ — ജൂലൈ | സയൻസ് അധ്യാപകർ PTA | |
| 2. | എല്ലാ കുട്ടികൾക്കും ശാസ്ത്രകിറ്റ് — ഹോം ലാബ് ഉറപ്പാക്കൽ | • പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ, കുട്ടിക്ക് തന്റെ ചുറ്റുപാടുകളിൽനിന്ന് ലഭ്യമാകാവുന്ന സാമഗ്രികളുടെ ശേഖരണം എല്ലാവർക്കുമുണ്ടെന്ന് ഉറപ്പാക്കുന്നു. | ജൂൺ മുതൽ (അക്കാദമിക വർഷം) | സയൻസ് അധ്യാപകർ PTA | |
| 3. | ശാസ്ത്രപാർക്ക് നിർമാണം. | ഓരോ കുട്ടിയും തന്റെ ശാസ്ത്രപാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് നിർമ്മിച്ച ശാസ്ത്രോപകരണങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രപാർക്ക് നിർമാണം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ PTA | |
| 4 | ശാസ്ത്ര സാഹിത്യം | ശാസ്ത്രതാൽപര്യം വളർത്തുന്നതിന് സ്കൂൾലൈബ്രറിയിൽ നിന്നും ലഭ്യമാക്കുന്ന ശാസ്ത്രപുസ്തകങ്ങളും മാസികകളും ഉൾപ്പെടുത്തി ക്ലാസ് തല ശാസ്ത്രലൈബ്രറി രൂപീകരണം. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |